# ഗൾഫും കൃഷിയും തുണച്ചില്ല; കേശവനും രജിതയ്ക്കും ഇനി തെങ്ങുകയറി ഉപജീവനം

സ്വന്തം ലേഖകൻ



ധോണിയിൽ നടക്കുന്ന തെങ്ങുകയറ്റ പരിശീലനം. മുൻ നിരയിൽ രശ്മി, കേശവൻ, രജിത എന്നിവർ

പാലക്കാട്: പതിനേഴുവർഷം ഗൾഫിലായിരുന്നു കേശവൻ. ഒന്നും മിച്ചംപിടിക്കാനാകാതെ നാട്ടിലെത്തി നടത്തിയ നെൽക്കൃഷിയും നഷ്ടത്തിലായി. ഉപജീവനത്തിനായി ഓടിക്കുന്ന ഓട്ടോറിക്ഷയിൽനിന്ന് നേട്ടമൊന്നുമില്ലാതായപ്പോഴാണ് ഭാര്യ രജിത ഒരു നിർദേശംവെച്ചത്–തെങ്ങുകയറ്റം പഠിക്കാൻ.

നാളികേര വികസനബോർഡും പാലക്കാട്ടെ പീപ്പിൾസ് സർവീസ് സൊസൈറ്റിയും ചേർന്ന് ധോണിയിൽ നടത്തുന്ന തെങ്ങുകയറ്റ പരിശീലന പരിപാടിയിൽ ഇപ്പോൾ കേശവനും ഭാര്യ രജിതയും പഠിതാക്കളാണ്. രജിതയുടെ അനുജത്തി രശ്മിയും ക്യാമ്പിലുണ്ട്. യന്ത്രസഹായത്താൽ മൂവരും ഇപ്പോൾ അഭ്യസിച്ചാണ് തെങ്ങുകയറ്റം. രണ്ടുദിവസത്തെ ക്യാമ്പിൽ മൊത്തം 20 പേരുണ്ട്. രജിതയും രശ്മിയും മാത്രമാണ് സ്ത്രീപഠിതാക്കൾ.

പട്ടാമ്പി തൃത്താല മാട്ടായ സ്വദേശിയാണ് 44കാരനായ കേശവൻ. മാട്ടായയിൽ ഓട്ടോറിക്ഷ ഓടിക്കുന്നതുകൊണ്ട് കാര്യമായ വരുമാനമില്ല. വീട്ടുകാര്യങ്ങൾ നോക്കണം. ആറാംക്ലാസുകാരനായ വിഘ്നേഷിന്റെ പഠനച്ചെലവും വഹിക്കണം. വീട്ടിൽ തെങ്ങുണ്ട്. ഇത് കയറുന്നയാൾക്ക് കൊടുക്കുന്ന കൂലി ലാഭിക്കാമെന്ന് കരുതിയാണ് 37കാരിയായ രജിതയും ഭർത്താവിനോടൊപ്പം ക്യാമ്പിനെത്തിയത്. ചുനങ്ങാട് അമ്പലപ്പാറയിൽ താമസിക്കുന്ന 29കാരിയായ രശ്മിയുടെ വീട്ടിൽ 200ൽപ്പരം തെങ്ങുണ്ട്. ഇതിൽനിന്ന് തേങ്ങയിടാനാണ് രശ്മി പഠനക്യാമ്പിലെത്തിയത്. ഭർത്താവ് സുരേഷ്കുമാർ എന്ന ബാബു ഗൾഫിലാണ്. ഗൾഫുകാരന്റെ ഭാര്യ തെങ്ങുകയറുന്നെന്ന് ആരെങ്കിലും കളിയാക്കിയാലും രശ്മിക്ക് പ്രശ്നമില്ല. തെങ്ങുകയറ്റത്തിന് ആളെകിട്ടാനില്ലാത്തതിനാലാണ് ഇവരും പഠനക്യാമ്പിലെത്തിയത്. കരിമ്പയിൽ ഓട്ടോറിക്ഷാത്തൊഴിലാളിയായ രാജകുമാരൻമുതൽ ബംഗളൂരിൽ സോഫ്റ്റ്‌വെയർ വിദ്യാർഥിയായ 19കാരൻ അബൂബക്കർ സിദ്ദിഖ് വരെയുണ്ട്. ആറുനാളം തണിയാണ് പഠനം. താമസവും ഭക്ഷണവും മുതൽ തെങ്ങുകയറ്റയന്ത്രംവരെ എല്ലാം സൗജന്യം. പ്രാർഥന, പ്രാക്ടിക്കൽ, തിയറി, യോഗ, പ്രഭാഷണം എന്നിവയുണ്ട്. പരിശീലനം പൂർത്തിയാക്കി ഉപജീവനമായി കൊണ്ടുനടന്നാൽ നാളികേര വികസനബോർഡ്, ബാങ്കിന്റെ സഹകരണത്തോടെ ഇരുചക്രവാഹനം വാങ്ങാൻ 50,000 രൂപ ധനസഹായം നൽകും. ഇതിൽ 75 ശതമാനം തിരിച്ചടച്ചാൽ മതി. അടുത്തബാച്ച് ആദിവാസിവിഭാഗക്കാർക്കുള്ളതാണെന്ന് സംഘാടകരായ പീപ്പിൾസ് സർവീസ് സൊസൈറ്റി അധികൃതർ പറഞ്ഞു.